## ജോലിയിൽ പ്രവേശിച്ച് ഒരു വർഷത്തിനുള്ളിൽ രണ്ട് പേരുടെ ജീവഹാനിക്കിടവരുത്തിയ അപകടത്തിനുത്തരവാദിയായ ഡ്രൈവറെ പിരിച്ചുവിട്ടതിൽ തെറ്റില്ല

### മദ്രാസ് ഹൈക്കോടതി

W.P. No. 5130/2011 Dt. 8.1.2021

തമിൾനാടു സ്റ്റേറ്റ് ട്രാൻസ്പോർട്ട്
കോർപ്പറേഷൻ
x
ശിവകുമാർ

കോർപ്പറേഷനിൽ താൽക്കാലിക ദിവസവേതനക്കാരൻ എന്ന നിലയിൽ ഡ്രൈവറായി ജോലി ചെയ്യുകയായിരുന്നു ശിവകുമാർ എന്ന തൊഴിലാളി. അപ്രകാരമിരിക്കെ 1998-ൽ ഒരു ദിവസം കുലശേഖരപട്ടണത്തുനിന്ന് മണപ്പാട് എന്ന സ്ഥലത്തേക്ക് തൊഴിലാളി ബസ് ഓടിച്ചുപോകുമ്പോൾ കൊട്ടുവപ്പള്ളി എന്ന സ്ഥലത്തിനു സമീപം വച്ച് ബസ് സൈക്കിൾ യാത്രക്കാരനെ ഇടിച്ചു തെറിപ്പിച്ചതിനു ശേഷം റോഡരികിലുള്ള വീടിന്മേൽ ഇടിച്ചു നിന്നു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ രണ്ടുപേർ മരിക്കുകയും മൂന്ന് വയസ്സ് പ്രായമുള്ള കുഞ്ഞടക്കം മറ്റു മൂന്ന് പേർക്ക് സാരമായി പരിക്കേല്ക്കുകയും ചെയ്തു. തുടർന്ന് മേനേജ്മെന്റ് ഗാർഹികാന്വേഷണം നടത്തി. അയാൾക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്ന് കാണിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ മേനേജ്മെന്റിന് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് തൊഴിലാളിയെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. അഞ്ച് വർഷങ്ങൾക്കുശേഷം തൊഴിലാളി ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. വാഹനാപകടം സംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ പ്രതിയായ ഡ്രൈവറെ മജിസ്ട്രേറ്റ് കോടതി വെറുതെവിട്ടതും അപകടത്തിനു കാരണം ബസ്സിന്റെ സാങ്കേതിക തകരാറാണെന്നതും കണക്കിലെടുത്ത ലേബർ കോടതി തൊഴിലാളിയെ 50% മുൻകാല വേതനത്തോടെ തിരിച്ചെടുക്കണമെന്ന് വിധിച്ചു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. 240 ദിവസം ജോലി ചെയ്തിട്ടില്ലാത്ത തൊഴിലാളിക്ക് വ്യവസായ തർക്ക നിയമപ്രകാരം നിവൃത്തി ലഭിക്കാൻ അവകാശമില്ലെന്നും തൊഴിലാളിക്ക് ഡ്രൈവിങ് വൈദഗ്ദ്ധ്യമില്ലെന്നും രണ്ടു പേരുടെ ജീവഹാനിക്ക് ഇടവരുത്തിയത് ഗുരുതരമായ സ്വഭാവദൂഷ്യമാണെന്നും മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. ക്രിമിനൽ കേസിൽ വെറുതെവിട്ടതുകൊണ്ട് മാത്രം തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിക്കാനാവില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. ഒരു വർഷം തികയുന്നതിനു മുമ്പ് രണ്ട് പേരുടെ ജീവഹാനിക്ക് ഇടവരുത്തിയ അപകടത്തിന് ഉത്തരവാദിയായ ഡ്രൈവറെ ആ ജോലിയിൽ തുടരാനനുവദിക്കുന്നത് പൊതുജനങ്ങളുടെ ജീവന് ഭീഷണിയാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി റദ്ദാക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.